"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - 30.04.2011 തീയതിയിലെ സ.ഉ (പി) 100/2011/പൊ.വി.വ. (The Kerala Right of Children to Free and Compulsory Education Rules) ഉത്തരവിന്റെ അച്ചടിച്ച പകർപ്പുകളിൽ, അനുബന്ധത്തിലെ ഫാറം III -ൽ Part IX ന്റെ 5-ാം കോളത്തിൽ തിരുത്തൽ വരുത്തി ഉപയോഗിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പ്

സ.ഉ.(അച്ചടി) നം.1/2024/GEDN തീയതി,തിരുവനന്തപുരം, 01-01-2024

പരാമർശം:-

1 എസ്.ആർ.ഒ. 291/2011-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ള 30.04.2011 തീയതിയിലെ സ.ഉ (പി) 100/2011/പൊ.വി.വ. നം ഉത്തരവ്(The Kerala Right of Children to Free and Compulsory Education Rules.)

2 സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2011-2014) പത്താമത് റിപ്പോർട്ട്

ഉത്തരവ്

പരാമർശം(1)ലെ ഉത്തരവിന് അനുബന്ധമായുള്ള ഫാറം III -ൽ Part IX ന്റെ 5-ാം കോളത്തിൽ "Name of Address of the parent" എന്നുള്ളത് "Name and address of the parent" എന്നു തിരുത്തൽ വരുത്തണമെന്ന് പരാമർശം (2) പ്രകാരം നിയമസഭാസമിതി ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച പരിശോധനയിൽ പ്രസ്തുത സർക്കാർ ഉത്തരവിന്റെ അംഗീകരിച്ച കരടിൽ "Name and address of the parent" എന്നു തന്നെയാണ് ഉള്ളതെന്ന് കണ്ടെത്തിയിരുന്നു. ഫെയർകോപ്പി പ്രസിദ്ധീകരിച്ചപ്പോൾ വന്ന ക്ളറിക്കൽ പിശക് ആയതിനാൽ ടി ഉത്തരവിന്റെ അച്ചടിച്ച പകർപ്പുകളിൽ ഫാറം III -ൽ Part IX ന്റെ 5-ാം കോളത്തിൽ "Name and address of the parent" എന്നു തിരുത്തൽ വരുത്തി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.ഫോമിൽ മേൽപറയും പ്രകാരം തിരുത്തൽ വരുത്തി അച്ചടിച്ച് ഉപയോഗിക്കുന്നതിനുള്ള നടപടി പൊതുവിദ്യാഭ്യാസ

ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മീനാംബിക എം.ഐ

ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
N.k. Sheena
Date: 03-01-2024 10:00:29
സെക്ഷൻ ഓഫീസർ